പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5118 30.06.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

## K.S.S.R 39 ഇൻവോക്ക് ചെയ്തുള്ള സബ് ഇൻസ്പെക്ടർ നിയമനം

| ചോദ്യം<br>ശ്രീ. എ.പ്രദീപ് കുമാർ | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) 2003-ന് ശേഷം കേരള പോലീസിൽ ജനറൽ എക്സിക്യൂട്ടിവ് ബ്രാഞ്ചിൽ സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് ഫിസിക്കൽ ടെസ്റ്റിൽ ജയിക്കാത്ത എത്ര പോലീസുകാരെ K.S.S.R 39 ഇൻവോക് ചെയ്ത് നേരിട്ട് സബ് ഇൻസ്പെക്ടർ (G.E) ബ്രാഞ്ചിൽ നിയമനം നൽകി ഉത്തരവായിട്ടുണ്ടെന്ന് ഉത്തരവിന്റെ നമ്പർ സഹിതം വിശദമാക്കുമോ; | (എ) 25.02.2005-ലെ സർക്കാർ ഉത്തരവ് (സാധാ) നം.458/2005/ ആഭ്യന്തരം പ്രകാരം ഒരാൾക്ക് നിയമനം നൽകിയിട്ടുണ്ട്. |
| ബി) K.S.S.R 39 ഇൻവോക് ചെയ്ത് നിയമനം നടത്തുന്ന രീതിയിൽ അവലംബിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) ഗവൺമെന്റിന് ന്യായയുക്തമെന്നു തോന്നുന്ന പക്ഷം ഒരാളെ നിയമിക്കുന്നതിനുള്ള വിശേഷാൽ അധികാരമാണ് K.S.S.R 39. ഇതു പ്രകാരം ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്കുശേഷമാണ് ഉത്തരവ് പുറപ്പെടുവിക്കാറുള്ളത്. |
| സി) ജനറൽ എക്സിക്യൂട്ടിവ് ബ്രാഞ്ചിലേക്ക് അപേക്ഷിച്ച ഉദ്യോ-ഗാർത്ഥി പ്രസ്തുത വിഭാഗത്തിൽ തന്നെ P.S.C നടത്തുന്ന കായിക ക്ഷമതാ പരീക്ഷ ജയിക്കണമെന്ന നിയമം എന്നു മുതലാണ് മാറ്റിയതെന്ന് വിശദമാക്കുമോ? | (സി) ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലേക്ക് അപേക്ഷിച്ച ഉദ്യോ-ഗാർത്ഥി പ്രസ്തുത വിഭാഗത്തിൽ തന്നെ P.S.C നടത്തുന്ന കായിക ക്ഷമതാ പരീക്ഷ ജയിക്കണമെന്ന നിയമം മാറ്റിയിട്ടില്ല. |

സെക്ഷൻ ഓഫീസർ